REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-02-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബുധനാഴ്ച നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഡൽഹിയിൽ പ്രചാരണം അന്തിമ ഘട്ടത്തിലേക്ക്.**
- **12 ലക്ഷം രൂപയുടെ വരെ വാർഷിക വരുമാനത്തിന് ആദായനികുതി നൽകേണ്ടതില്ലെന്ന കേന്ദ്ര ബജറ്റ് നിർദ്ദേശം മധ്യവർഗ്ഗത്തിന് ഗുണകരമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ.**
- **ബഹിരാകാശ, രാജ്യരക്ഷാ മേഖലകളിൽ സംസ്ഥാനത്തിന് പുതിയ അവസരങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് മന്ത്രി**
- **P രാജീവ്.**
- **നടനും MLAയുമായ മുകേഷിനെതിരായ പീഡന പരാതിയിൽ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചു.**
- **മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസ് വനിതാ ബാസ്കറ്റ് ബോളിൽ കേരളത്തിന് വെള്ളി.**

## വാർത്തകൾ വിശദമായി

ബുധനാഴ്ച നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഡൽഹിയിൽ പ്രചാരണം അന്തിമ ഘട്ടത്തിലേക്ക്. പ്രചാരണം നാളെ അവസാനിക്കാനിരിക്കെ വിവിധ കക്ഷികളുടെ നേതാക്കളും താരപ്രചാരകരും ഇന്ന് വിവിധ പരിപാടികളിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......വോയ്സ്......

മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ഉച്ച കഴിഞ്ഞ് RK പുരത്ത് പൊതുസമ്മേളനത്തിൽ സംസാരിക്കും. കേന്ദ്ര മന്ത്രി രാജ്നാഥ് സിംഗ് രജീന്ദർ നഗറിലും ചാന്ദ്നി ചൗക്കിലും ലക്ഷ്മി നഗറിലും റാലികളിൽ പ്രസംഗിക്കും. ആം ആദ്മി പാർട്ടി നേതാവും പഞ്ചാബ് മുഖ്യമന്ത്രിയുമായ ബഗവന്ദ് സിംഗ് മാൻ റോഡ് ഷോകളിൽ പങ്കെടുക്കും. പാർട്ടിയുടെ മുതിർന്ന നേതാവ് സഞ്ജയ് സിംഗും പൊതുയോഗങ്ങളിൽ സംസാരിക്കും. കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെ മുസ്തഫ ബാദ് മണ്ഡലത്തിലെ പൊതുസമ്മേളനത്തിൽ പ്രസംഗിക്കും. MP മാരായ രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാന്ധിയും വിവിധ മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് യോഗങ്ങളെ അഭിസംബോധന ചെയ്യും.

✪✪✪

വഖഫ് ഭേദഗതി ബിൽ പരിശോധിച്ച സംയുക്ത പാർലമെന്ററി സമിതിയുടെ റിപ്പോർട്ട് നാളെ ലോക്സഭയുടെ മേശപ്പുറത്തു വെയ്ക്കും. സമിതി ചെയർമാൻ ജഗദംബികപാലും, അംഗം സഞ്ജയ് ജയ്-സ്വാളും ചേർന്നായിരിക്കും റിപ്പോർട്ട് വയ്ക്കുന്നതെന്ന് ലോക്സഭാ സെക്രട്ടേറിയറ്റ് അറിയിച്ചു. വ്യാഴാഴ്ച തന്നെ സ്പീക്കർ ഓം ബിർളയ്ക്ക് സമിതി റിപ്പോർട്ട് കൈമാറിയിട്ടുണ്ട്. NDA അംഗങ്ങൾ നിർദ്ദേശിച്ച 14 ഭേദഗതികളോടു കൂടിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

✪✪✪

ഡൽഹിയിലെ എട്ട് ആം ആദ്മി പാർട്ടി MLA മാർ BJP യിൽ ചേർന്നു. ഡൽഹി BJP അധ്യക്ഷൻ വീരേന്ദ്ര സച്ദേവയുടെ സാന്നിധ്യത്തിലായിരുന്നു AAP യിൽ നിന്ന് രാജിവെച്ച എട്ടു പേരും BJP യിൽ അംഗത്വമെടുത്തത്.

✪✪✪

കേന്ദ്രബജറ്റിനോട് കേരളത്തിൽ സമ്മിശ്ര പ്രതികരണം. ബജറ്റ് നിർദ്ദേശങ്ങൾ മധ്യവർഗ്ഗത്തിന് ആശ്വാസം പകരുമെന്നും ബജറ്റിന്റെ ഏറ്റവും വലിയ ഗുണഭോക്താവായി കേരളം മാറുമെന്നും BJP നേതാക്കൾ അഭിപ്രായപ്പെട്ടു. എന്നാൽ കേരളത്തെ ബജറ്റ് പാടെ അവഗണിച്ചുവെന്ന് ഇടത് നേതാക്കൾ കുറ്റപ്പെടുത്തി.

✪✪✪

12 ലക്ഷം രൂപയുടെ വരെ വാർഷിക വരുമാനത്തിന് ആദായനികുതി നൽകേണ്ടതില്ലെന്ന കേന്ദ്ര ബജറ്റ് നിർദ്ദേശം മധ്യവർഗ്ഗത്തിന് വളരെ ആശ്വാസം നൽകുന്നതാണെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ വിലയിരുത്തി.

കഴിഞ്ഞ പത്തു വർഷം കൊണ്ട് 25 കോടി ജനങ്ങളെ പട്ടിണിയിൽ നിന്ന് മോചിപ്പിക്കുകയും, അവരിൽ നല്ലൊരു ശതമാനവും മധ്യവർഗ്ഗത്തിലേക്ക് ഉയർന്നതായും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

കേന്ദ്രബജറ്റിൽ കേരളത്തെ പാടെ അവഗണിച്ചതായി CPIM സംസ്ഥാന സെക്രട്ടേറിയറ്റ് കുറ്റപ്പെടുത്തി. വയനാട് പുനരധിവാസം, വിഴിഞ്ഞം പദ്ധതി എന്നിവ കണക്കിലെടുത്ത് 24,000 കോടി രൂപയുടെ പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടെങ്കിലും ബജറ്റിൽ അതേപ്പറ്റി ഒരു പരാമർശവുമില്ലെന്ന് സെക്രട്ടേറിയറ്റ് വിലയിരുത്തി.

✪✪✪

കേരളത്തിലെ കാർഷിക മുന്നേറ്റം ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്നതിന്റെ തെളിവാണ് പാർലമെന്റിൽ ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച സാമ്പത്തിക സർവേ റിപ്പോർട്ടിലെ പ്രശംസയെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. പാലക്കാട് ജില്ലയിൽ 11 പഞ്ചായത്തുകളെ കൃഷി സമൃദ്ധി പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ടെന്നും മന്ത്രി ഫേസ് ബുക്കിൽ കുറിച്ചു.

✪✪✪

രാജ്യത്ത് ഒരു ജനതയോടും ചെയ്യാൻ പാടില്ലാത്തതാണ് ബജറ്റിലൂടെ കേന്ദ്രം കേരളത്തോട് ചെയ്തതെന്ന് മന്ത്രി K.രാജൻ അറിയിച്ചു. വയനാടിനെ പരാമർശിക്കാൻ പോലും കേന്ദ്രം തയ്യാറായില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനത്തിന്റെ ദൗർബല്യം അംഗീകരിച്ചാൽ മാത്രം സഹായം നൽകാമെന്ന കേന്ദ്ര സഹമന്ത്രിയുടെ പ്രസ്താവന രാജ്യത്തിന്റെ ജനാധിപത്യ - ഫെഡറൽ സംവിധാനങ്ങൾക്ക് വിരുദ്ധമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

സ്വകാര്യമേഖലയിൽ ആണവോർജ്ജ നിലയങ്ങൾ സ്ഥാപിക്കുമെന്ന ധനമന്ത്രി നിർമല സീതാരാമന്റെ പ്രഖ്യാപനം ആശങ്കാജനകമാണെന്ന കാര്യത്തിൽ സംശയമില്ലെന്ന് മന്ത്രി K.കൃഷ്ണൻകുട്ടി പറഞ്ഞു. സ്വകാര്യമേഖലയ്ക്ക് വേണ്ടി ജനങ്ങളുടെ സുരക്ഷ പോലും പരിഗണിക്കാതെ വിട്ടുവീഴ്ച കാണിക്കുന്ന കേന്ദ്രഗവൺമെന്റ് നയത്തിന്റെ ഭാഗമാണ് തീരുമാനമെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു. വൈദ്യുതി മേഖലയിൽ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നടപടിയാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്നും മന്ത്രി കുറ്റപ്പെടുത്തി.

✪✪✪

ആഗോള നിക്ഷേപക സംഗമത്തിന് കേരളം തയ്യാറെടുക്കുമ്പോൾ ബഹിരാകാശ, രാജ്യരക്ഷാ മേഖലയിൽ പുതിയ അവസരങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ ഡിഫൻസ് പാർക്ക് ആരംഭിച്ചതും ആദ്യത്തെ സ്പേയ്സ് പാർക്ക് സംസ്ഥാനത്ത് ആരംഭിക്കുന്നതും ഇതിന് മുതൽക്കൂട്ട് ആകുമെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

കേരളത്തിലെ കപ്പൽനിർമാണശാലയും DRDO-യും ISROയും KELTRON-ഉം അടക്കം സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെ അഭിമാനമാണെന്നും ഇവയെല്ലാം ബഹിരാകാശ രാജ്യരക്ഷാ രംഗത്തെ പുതിയ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുമെന്നും മന്ത്രി അവകാശപ്പെട്ടു.

✪✪✪

നടനും MLAയുമായ മുകേഷിനെതിരായ  പീഡന പരാതിയിൽ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചു. എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്.

ആലുവ സ്വദേശിയായ നടി ആരോപിച്ച കുറ്റം തെളിഞ്ഞതായി കുറ്റപത്രത്തിൽ പറയുന്നുണ്ട്. മുകേഷിനെതിരെ ഡിജിറ്റൽ തെളിവുകളും സാഹചര്യത്തെളിവുകളും സാക്ഷിമൊഴികളും ലഭിച്ചതായും കുറ്റപത്രത്തിലുണ്ട്.

താരസംഘടനയായ അമ്മയിൽ അംഗത്വം വാഗ്ദാനം ചെയ്ത് മുകേഷ് നടിയെ ലൈംഗികമായി പീഡിപ്പിച്ചതെന്നാണ് കേസ്. കേസിൽ മുകേഷിന് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു.

✪✪✪

M മുകേഷ് MLA യ്ക്കെതിരായ പീഡനപരാതിയിലെ കുറ്റപത്രം സമർപ്പിച്ച വിഷയത്തിൽ കോടതി നടപടി തുടരട്ടെയെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ഇക്കാര്യത്തിൽ മുകേഷിനെതിരെ ഇപ്പോൾ നടപടിയെടുക്കേണ്ട കാര്യമൊന്നുമില്ലെന്നും കോടതിയുടെ അന്തിമ തീരുമാനം വരട്ടെയെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.

✪✪✪

കോട്ടയം വൈക്കം താലൂക്ക് ആശുപത്രിയിൽ മൊബൈൽ വെട്ടത്തിൽ രോഗിയെ ചികിത്സിച്ച സംഭവം അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകൊണ്ടല്ലെന്ന് മന്ത്രി VN വാസവൻ പറഞ്ഞു. ഇന്ധനം ഉണ്ടായിരുന്നുവെന്നും ജനറേറ്റർ പ്രവർത്തനക്ഷമ മായിരുന്നുവെന്നും രേഖകൾ സ്ഥിരീകരിക്കുന്നുണ്ടെന്ന് അദ്ദേഹം കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു.

വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

സംഭവത്തിൽ RMO ജില്ലാ മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ടു നൽകി. വൈദ്യുതി നിലച്ചതിനാലാണ് മൊബൈൽ ഫോൺ വെളിച്ചത്തിൽ തുന്നൽ ഇട്ടതെന്ന് റിപ്പോർട്ടിൽ പറയുന്നു.

✪✪✪

ശ്രീനാരായണഗുരു പ്രഥമ പ്രതിഷ്ഠ നടത്തിയ തിരുവനന്തപുരം അരുവിപ്പുറം ശിവക്ഷേത്രത്തിലെ 137-ാമത് പ്രതിഷ്ഠാ വാർഷികവും മഹാശിവരാത്രി ആഘോഷവും ഈ മാസം 17 മുതൽ 26 വരെ നടക്കും.

ഡെസ്ക് റിപ്പോർട്ട്.

--------------(വോയ്സ്)-----------

17ന് വൈകിട്ട് കൊടിയേറ്റിന് ശേഷം വാർഷിക സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി VN. വാസവൻ മുഖ്യാതിഥിയായിരിക്കും. ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അധ്യക്ഷനായിരിക്കും.

19 ന് രാത്രി 'നവോത്ഥാന ചിന്തകളിൽ ഗുരുവിന്റെ സ്വാധീനം' എന്ന വിഷയത്തെ ആസ്പദമാക്കി സാംസ്കാരിക സമ്മേളനം പ്രതിപക്ഷനേതാവ് VD.സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യാതിഥിയായിരിക്കും.

ശിവരാത്രി ദിവസം രാവിലെ 'സനാതന ധർമം ഗുരുവിന്റെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന സെമിനാർ കേന്ദ്രസഹമന്ത്രി ഡോ. L. മുരുഗൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ജെ.ചിഞ്ചുറാണി അധ്യക്ഷയും മന്ത്രി GR.അനിൽ മുഖ്യാതിഥിയുമായിരിക്കും.

✪✪✪

വയനാട്ടിൽ വന്യജീവികളുടെ കാടിറക്കം തടയാൻ പദ്ധതികളുമായി വനംവകുപ്പ്. വനത്തിലെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തിയും വനാതിർത്തികളിൽ പ്രതിരോധ സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും ജനവാസ മേഖലകളിൽ വന്യജീവി ശല്യം കുറയ്ക്കാനാണ് വനം വകുപ്പിന്റെ നീക്കം. ഇതിനു ദീർഘകാല, ഹ്രസ്വകാല പദ്ധതികൾ നടപ്പാക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസന്റ്.

.......വോയ്സ്..........

✪✪✪

മുപ്പത്തിയെട്ടാമത് ദേശീയ ഗെയിംസിൽ വനിതകളുടെ ബാസ്കറ്റ് ബോൾ ഇനത്തിൽ കേരളത്തിന് വെള്ളി. ഫൈനലിൽ തമിഴ്നാടാണ് കേരളത്തെ തോൽപ്പിച്ചത്. ഇതോടെ അഞ്ച് സ്വർണ്ണവും രണ്ട് വെള്ളിയും മൂന്ന് വെങ്കലവുമടക്കം 10 മെഡലുകൾ കേരളം സ്വന്തമാക്കി.

പുരുഷ വോളി ബോളിൽ തമിഴ്നാടിനെ കീഴടക്കിയ കേരളം ഫൈനലിൽ ഇന്ന് സർവീസസിനെ നേരിടും. ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം.

ഫുട്ബോളിൽ നാളെ അവസാന മത്സരത്തിൽ സർവീസസിനെ തോൽപ്പിച്ചാൽ കേരളത്തിന് സെമി സാധ്യത നിലനിർത്താൻ കഴിയും.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ട്വന്റി-20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം. അഞ്ച് മത്സര പരമ്പര 3-1 ന് ഇതിനകം ഇന്ത്യ സ്വന്തമാക്കിയിട്ടുണ്ട്.

ഇന്ത്യ- ഇംഗ്ലണ്ട് മൂന്ന് ഏകദിന മത്സര പരമ്പര വ്യാഴാഴ്ച തുടങ്ങും. ഈ മാസം 6, 9, 12 തിയതികളിലാണ് മത്സരം.

✪✪✪

മലേഷ്യയിലെ ക്വാലാലംപൂരിൽ ICC അണ്ടർ 19 വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടുന്നു. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ദക്ഷിണാഫ്രിക്ക ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 5 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 25 റൺസെടുത്തു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ FC, FC ഗോവയെ നേരിടും. വൈകിട്ട് ഏഴരയ്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

നെതർലന്റ്സിൽ ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഗ്രാൻഡ്മാസ്റ്റർ R പ്രഗ്നാനന്ദ, സെർബിയയുടെ അലക്സി സരണയെ തോൽപ്പിച്ചു. ഇന്ത്യയുടെ ലോക ചാമ്പ്യൻ D ഗുകേഷ് നെതർലാന്റ്സിന്റെ ജോർദൻവാനുമായി സമനിലയിൽ പിരിഞ്ഞു.

✪✪✪

സംസ്ഥാനത്ത് KSRTC ചൊവ്വാഴ്ച പണിമുടക്ക് നടത്തും. തിങ്കളാഴ്ച രാത്രി 12 മുതൽ 24 മണിക്കൂർ ആണ് പണിമുടക്ക്. INTUC യൂണിയനുകളുടെ കൂട്ടായ്മയായ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷന്റെ നേതൃത്വത്തിലാണ് പണിമുടക്ക്.

✪✪✪

CPIM കണ്ണൂർ ജില്ലാ സമ്മേളനം തളിപ്പറമ്പിൽ പുരോഗമിക്കുന്നു. നാളെ വൈകിട്ട് പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor: സുരേഷ് വി കെ*
*Casual New Reader : നിമിഷ ജി*
*ഹബീബ് റഹ്മാൻ*
*DEO : സുബോധ് സി കെ*